**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 97

09-03-2015-ൽ മറുപടിയ്ക്ക്

# സമ്പൂർണ്ണ മദ്യ നിരോധനം - സ്വീകരിച്ച നടപടികൾ

ചോദ്യം:

ശ്രീ. എ. കെ. ബാലൻ
ശ്രീമതി. കെ..എസ്. സലീഖ
ശ്രീ. സി. കെ. സദാശിവൻ
ഡോ. കെ. ടി. ജലീൽ

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സമ്പൂർണ്ണ മദ്യ നിരോധനം ഈ സർക്കാരിന്റെ കാലത്ത് ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ അധികാരം ഏറ്റെടുത്തത് മുതൽ അതിനുതകുന്ന അബ്കാരി നയം ആവിഷ്ക്കരിക്കാൻ സാധിച്ചിട്ടുണ്ടോ ഈ സർക്കാർ പുതുതായും പുതുക്കിയും നൽകിയ ബാർ ലൈസൻസുകൾ എത്രയായിരുന്നു; ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ ഒടുവിൽ പ്രഖ്യാപിച്ച നയം പ്രാവർത്തികമാക്കുവാൻ നടപടികൾ ഉണ്ടാകുമോ; പ്രഖ്യാപനവും നടപടി കളും തമ്മിലുള്ള പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നയവും നടപടികളും അപ്രായോഗികമായിരുന്നു എന്നകാര്യം സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടോ; | (എ) | മദ്യത്തിൻെറ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടം ഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിൻെറ ഉത്പാദനവും ലഭ്യതയും കുറക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും, മദ്യം കേരളത്തിന്റെ സാമൂഹ്യവിപത്തായി തുടരുകയാണ് എന്ന് ബോധ്യപ്പെട്ടതിനാൽ മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ 'മദ്യ രഹിത കേരളം' എന്ന മഹത്തായലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. 2014-15 വർഷത്തേയ്ക്ക് ഈ സർക്കാർ 312 ബാർ ഹോട്ടലുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരം ഏറ്റ ശേഷം ഇതുവരെ 62 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച മദ്യനയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാ നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്. പ്രഖ്യാപിച്ച നയവും നടപടികളും തമ്മിൽ പൊരുത്തകേടുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ബി) | 2014 ആഗസ്റ്റിൽ പ്രഖ്യാപിച്ച നയത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ എന്തെല്ലാമാണ്; ആദ്യപ്രഖ്യാപനത്തിൽ നിന്ന് പിന്നീട് എന്തെല്ലാം കാര്യങ്ങളിൽ മാറ്റം വരുത്തുകയുണ്ടായി; വിശദമാക്കാമോ; | (ബി) | 2014 ആഗസ്റ്റിൽ പ്രഖ്യാപിച്ച മദ്യനയത്തിൽ ഫൈവ് സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസുകൾ അനുവദിക്കുകയുള്ളൂവെന്നും നിലവിൽ താത്കാലികമായി ലൈസൻസ് പുതുക്കി നൽകി പ്രവർത്തിച്ചു വരുന്ന പഞ്ചനക്ഷത്ര ഹോട്ടലുകളുടെ ബാർ ലൈസൻസ് ഒഴികെയുള്ളവയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതാണെന്നും നിലവാരമില്ലാത്തതെന്ന് ബഹു: സുപ്രീം കോടതി വിധിയിൽ പരാമർശിച്ചിട്ടുള്ള 418 ഹോട്ടലുകളുടെയും ബാർ ലൈസൻസുകൾ പുതുക്കേണ്ടതില്ലായെന്നും സർക്കാർ തീരുമാനിച്ചു. ടി തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദേശ മദ്യ ചട്ടത്തിൽ ഭേദഗതി വരുത്തിയിരുന്നു. മദ്യവർജ്ജനവും മദ്യനിരോധനവും സമന്വയിപ്പിച്ചുകൊണ്ടുള്ള 2014-15 വർഷത്തിലെ മദ്യനയ ത്തിനെതിരെ ബഹു: ഹൈകോടതിയിൽ നിന്ന് ചില നിരീക്ഷണങ്ങൾ വന്നതിനാലും അടച്ചുപൂട്ടിയ ബാറുകളിലെ തൊഴിലാളികളുടെ ജീവനോപാധി നഷ്ടപ്പെടുന്ന സാഹചര്യം കണക്കിലെടുത്തും ഞായറാഴ്ച ഡ്രൈഡേ ആയി പ്രഖ്യാപിച്ചതുമൂലം തൊഴിൽ - വിനോദ സഞ്ചാര മേഖലകളിലുണ്ടായിട്ടുള്ള ആഘാതങ്ങൾ പരിഹരിക്കുന്നതിനും 2014-15 വർഷത്തിലെ മദ്യനയത്തിന്റെ അടിസ്ഥാനഘടനയിൽ മാറ്റം വരാതെ മദ്യനയം പ്രായോഗികമാക്കുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങളോടെ 2015-ലെ മദ്യനയത്തിൽ ഭേദഗതികൾ വരുത്തുകയുണ്ടായി.<br>1) ഞായറാഴ്ചകളിലെ ഡ്രൈഡേ ഒഴിവാക്കുന്നതാണ്.<br>2) ബാറുകളുടെ പ്രവർത്തന സമയം രാവിലെ 9.30 മുതൽ രാത്രി 10 മണിവരെയായി കുറവു ചെയ്തു. |

| | | | |
|---|---|---|---|
| | | | 3) 31.03.2014-ൽ പ്രവർത്തിച്ചിരുന്ന ഹൈജീനിക്ക് ആയ ബാർ ഹോട്ടലുകൾക്ക് ഓരോ ബാറിലും എല്ലാ തൊഴിലാളികൾക്കും തൊഴിൽ നൽകണമെന്ന വ്യവസ്ഥയിൽ ബിയർ ആന്റ് വൈൻ പാർലറുകൾ അനുവദിക്കുന്നതാണ്.<br>4) 3 സ്റ്റാർ, 4 സ്റ്റാർ, ഹോട്ടലുകൾക്ക് പുതുതായി അനുമതി നൽകുകയില്ല. 5 സ്റ്റാറിനോ അതിനുമുകളിലോ ഉള്ള ബാർ ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് നൽകുകയുള്ളൂ എന്ന തീരുമാനം നിലനിൽക്കുന്നതാണ്.<br>5) ബഹു: ഹൈകോടതിയുടെ നിർദ്ദേശം പരിഗണിച്ച് നാഷണൽ ഹൈവേയുടെയും സംസ്ഥാന ഹൈവേയുടെയും ഓരത്തുള്ള കെ.എസ്.ബി.സിയുടെയും കൺസ്യൂമർ ഫെഡിന്റെയും 10% ഔട്ട്ലെറ്റുകൾ 2015 ജനുവരി ഒന്നു മുതൽ അടച്ചിടും.<br>6) മദ്യനയത്തിലെ പുതിയ മാറ്റങ്ങളുടെ ആഘാതം സംബന്ധിച്ച് ഒരു പഠനം എക്സ്പേർട്ട് കമ്മിറ്റിയെ കൊണ്ട് നടത്തുന്നതാണ്. |
| (സി) | ആദ്യ മദ്യനയ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും അതേ തുടർന്ന് ഇതുവരെയും സർക്കാർ ഇറക്കിയ എല്ലാ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ; | (സി) | പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇനിമുതൽ പുതിയ 5 സ്റ്റാർ ഹോട്ടലുകൾക്കോ, ബിയർ/വൈൻ പാർലറുകൾക്കോ ലൈസൻസ് നൽകാതിരിക്കാൻഉദ്ദേശിക്കുന്നുണ്ടോ, നിലവിലുള്ളവയെല്ലാം അടച്ചുപൂട്ടുകയല്ലാതെ, പുതുതായി ഒന്നിനും ലൈസൻസ് നൽകുകയില്ലെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | നിലവിലുള്ള മദ്യനയം 2015 മാർച്ച് മാസം 31-ാം തീയതിവരെ തുടരുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | 2014 ആഗസ്റ്റിൽ മദ്യനയം പ്രഖ്യാപിച്ചതിനുശേഷം ഇതേവരെ പുതുതായി ഏതെങ്കിലും ബാറിന് സർക്കാർ ലൈസൻസ് നൽകിയിട്ടുണ്ടോ; ഇതിനകം സർക്കാർ സ്വീകരിച്ച എത്ര അപേക്ഷകൾ തീരുമാനം എടുക്കാതെ ബാക്കി നിൽപ്പുണ്ട്? | (ഇ) | 2014 ആഗസ്റ്റിൽ മദ്യനയം പ്രഖ്യാപിച്ചതിനു ശേഷം ബഹു: ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്ത് ബാർ ഹോട്ടലുകളുടെ എഫ്.എൽ.3 ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. 5 നക്ഷത്ര പദവിയുള്ള 2 ഹോട്ടലുകൾക്ക് പുതുതായി ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. 5 നക്ഷത്ര പദവിയുള്ള ഹോട്ടലുകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളൊന്നും സർക്കാർ തീരുമാനം എടുക്കാതെ അവശേഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്